## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2322 08.05.2017ൽ മറുപടി നൽകേണ്ടത്.

 സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ,<br>" മോൻസ് ജോസഫ്<br>" സി.എഫ്.തോമസ്<br>ഡോ .എൻ.ജയരാജ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കുള്ള വേതനം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഫോർ ദി മെന്റലി ചലഞ്ചഡ്, പാങ്ങപ്പാറ ഒഴികെയുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ വേതനം നിശ്ചയിച്ച് നല്കിയിട്ടില്ല. സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക ഗ്രാന്റ് ഇൻ എയ്ഡായി, പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്യുന്ന പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകി വരുന്നുണ്ട്. |
| (ബി) | സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിക്കുന്ന നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ പ്രശ്നങ്ങൾ പരിശോധിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്നങ്ങൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ